## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1477 13/06/2014-ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം ജില്ലയിലെ മാതൃകാ ഹൈടെക് ഹരിത ഗ്രാമം പദ്ധതി

| ചോദ്യം<br>ശ്രീ. പാലോട് രവി | മറുപടി<br>**ശ്രീ . കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
|---|---|
| എ) 2013-14 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച 'മാതൃകാ ഹൈടെക് ഹരിതഗ്രാമം' പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത ഗ്രാമം ഏതാണ്; | എ) 2013-14 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച 'മാതൃകാ ഹൈടെക് ഹരിതഗ്രാമം' പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ ഗ്രാമപഞ്ചായത്തിനെയാണ് തിരഞ്ഞെടുത്തത്. |
| ബി) എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത പ്രോജക്ട് പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | ബി) തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും 100 വീടുകളിൽ ഒരു കിലോവാട്ടിന്റെ സോളാർ പാനൽ, 100 വീടുകളിൽ 10,000 ലിറ്റർ ശേഷിയുള്ള മേൽക്കൂരയിലെ മഴവെള്ള സംഭരണി, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 500 വീടുകളിൽ ഒരു ക്യൂബിക് മീറ്റർ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനും 150 ഹെക്ടറിൽ വാഴകൃഷിയും 60 ഹെക്ടറിൽ തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയും നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിന് പുറമേ 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് പോളിഹൗസുകളും ഈ പഞ്ചായത്തുകളിൽ സ്ഥാപിക്കുന്നതാണ്. |
| സി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കർഷക സമിതികൾ രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | സി) പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വൈസ് ചെയർമാനും, കൃഷി ഓഫീസർ |

കൺവീനറുമായിട്ടുള്ള കമ്മിറ്റിയ്ക്കാണ്. കൂടാതെ, ആത്മ, ജലനിധി, ശുചിത്വമിഷൻ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നിവയിലെ ജില്ലയിലെ മുതിർന്ന ഉദ്യോഗസ്ഥരും ഈ കമ്മിറ്റിയിൽ അംഗങ്ങളാണ്.

ഡി) 2014-15 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത ഗ്രാമത്തിന് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

ഡി) 2014-15 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിന് പുതിയതായി പഞ്ചായത്തുകളെയൊന്നും തിരഞ്ഞെടുത്തിട്ടില്ല.

ഇ) 'മാതൃകാ ഹൈടെക് ഹരിതഗ്രാമം' പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി ആരാണ് ;

ഇ) 'മാതൃകാ ഹൈടെക് ഹരിതഗ്രാമം' പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയാണ്.

എഫ്) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി ഭവനും, ജില്ലാ കൃഷി ഓഫിസും ഉൾപ്പെടെയുള്ള കൃഷി വകുപ്പിന്റെ ചുമതലകൾ വ്യക്തമാക്കുമോ;

എഫ്) ഗ്രാമപഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റിയുടെ കൺവീനറാണ് പ്രസ്തുത ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ. കൂടാതെ കൃഷി ഭവൻ മുഖാന്തിരമാണ് പദ്ധതി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നത്. പദ്ധതിയുടെ ജില്ലാതലത്തിലുള്ള പുരോഗതി വിലയിരുത്തുവാൻ വേണ്ടി രൂപീകരിച്ചിട്ടുള്ള ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ വൈസ് ചെയർമാൻ ജില്ലാ കൃഷി ഓഫീസറാണ്.

ജി) കൃഷിവകുപ്പ് ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള ഡയറക്ടർ ഉൾപ്പെടെയുള്ള വരെ പങ്കെടുപ്പിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് തീരുമാനിക്കാൻ ബന്ധപ്പെട്ട പഞ്ചായത്തിൽ ഉന്നതതലയോഗം വിളിക്കുമോ?

ജി) ഇതിലേയ്ക്കായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

Sd/-

**സെക്ഷൻ ഓഫീസർ**